# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2207 — 16/08/2017-ൽ മറുപടിക്ക്

**വൈദ്യുതി വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമി**

| | ചോദ്യം<br><br>**ശ്രീ.ടി. വി. ഇബ്രാഹിം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥത യിലുള്ള ഏതെങ്കിലും സ്ഥലം വ്യക്തികൾക്കോ/ സ്ഥാപനങ്ങ ൾക്കോ/ഏജൻസികൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം നൽകിയ ഭൂമിയുടെ വിശദാംശങ്ങളും, ആർക്ക്, എത്ര വർഷത്തേക്ക്, പാട്ട സംഖ്യ തുടങ്ങിയ വിവരങ്ങളും ലഭ്യമാ ക്കാമോ; | (ബി) | I. ഇടുക്കി ആഗ്മെന്റേഷൻ സ്കീമിന്റെ പരിധിയിൽ താഴെപ്പറയുന്ന സ്ഥലങ്ങൾ പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>(i) പാമ്പാടും പാറ വില്ലേജിൽ എസ്.സി. കോളനിയിൽ വാട്ടർ സപ്ലൈ സ്കീമിനായി '6' സെന്റ് സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 30 വർഷത്തേയ്ക്ക് പ്രതിവർഷം '100' രൂപ നിരക്കിൽ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>(ii) ഇരട്ടയാർ അംഗനവാടിക്ക് കെട്ടിടം പണിയാനായി 4 സെന്റ് സ്ഥലം ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് സെക്രട്ട റിയുടെ പേരിൽ 30 വർഷത്തേയ്ക്ക് പ്രതി വർഷം '600' രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകി യിട്ടുണ്ട്.<br>(iii) പാറത്തോട് വില്ലേജിൽ ജലനിധി പ്രോജക്ടിനായി '2' സെന്റ് സ്ഥലം നെടുകണ്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ട റിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ 13,968/- |

| | | | |
|---|---|---|---|
| | | | രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>(iv) പാറത്തോട് വില്ലേജിൽ രണ്ടാർമുക്കിൽ ജലനിധി പ്രോജക്ടിന് വേണ്ടി '3' സെന്റ് സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ 12,146/- രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ട ത്തിന് നൽകിയിട്ടുണ്ട്.<br>(v) പാറത്തോട് വില്ലേജിൽ കല്ലാറിൽ ജലനിധി പ്രോജക്ടിന് വേണ്ടി '3' സെന്റ് സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ 2,095/- രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>(vi) പാറത്തോട് വില്ലേജിൽ ഹാജിയാർപടിയിൽ ജലനിധി പ്രോജക്ടിനായി '3' സെന്റ് സ്ഥലം നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ 5,664/- രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>II വാഴത്തോപ്പ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കോളനിയിൽ ബി.എസ്.എൻ.എൽ-ന് ഭൂമി പാട്ടത്തിന്, മൊബൈൽ സർവ്വീസിന്റെ ബേസ് സ്റ്റേഷൻ നിർമ്മാണത്തിനായി '2' സെന്റ് ഭൂമി പ്രതിമാസം 500/- രൂപ പാട്ടസംഖ്യ നിരക്കിൽ 15 വർഷത്തേയ്ക്കാണ് നൽകിയിട്ടുള്ളത്.<br>III തൊട്ടിയാർ പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്ത വാളറയിലുള്ള '6' സെന്റ് സ്ഥലം ജലനിധി കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി അടിമാലി ഗ്രാമ പഞ്ചായത്തിന് 10 വർഷത്തേയ്ക്ക് |

| | | | |
|---|---|---|---|
| | | | 2,429/- രൂപ പാട്ടത്തുക നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>IV ആനയിറങ്കൽ ഡാമിനു ചുറ്റമായി സ്ഥിതി ചെയ്യുന്ന സ്ഥലം, ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ രാജകുമാരി, ചിന്നാക്കനാൽ വില്ലേജു കളിലായി '49' ഏക്കർ സ്ഥലം ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന കമ്പനിക്ക് 1965-ൽ ഏക്കറിന് പ്രതിമാസം 10 (പത്ത്) രൂപ നിരക്കിൽ തേയില നുള്ളുവാനാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്.<br><br>എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ റീസർവേ നമ്പർ. 118-ൽപ്പെട്ട 30 സെന്റ് ഭൂമി 30 വർഷത്തേക്ക് 1,50,548/- രൂപ പ്രതിവർഷ നിരക്കിൽ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് പാട്ടത്തിന് നൽകിയിട്ടുണ്ട്. (01.08.2016 മുതൽ). പ്രസ്തുത സ്ഥലത്തിന്റെ കമ്പോളവില പുതുക്കി നിശ്ചയിക്കുന്നതനുസരിച്ച് ഓരോ മൂന്നുവർഷം കൂടുമ്പോഴും പാട്ടസംഖ്യ പുതുക്കി നിശ്ചയിക്കുന്നതാണ്. |
| (സി) | ഇങ്ങനെ പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) | പാട്ടത്തിന് നൽകുന്ന സമയത്ത് ആ പ്രദേശങ്ങളിൽ നിലവിലുള്ള ഭൂമി വിലയുടെ അടിസ്ഥാനത്തിലും കാലാകാലങ്ങളിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുമാണ്. |
| (ഡി) | പാട്ടക്കാലവധി കഴിഞ്ഞതിനു ശേഷവും വകുപ്പിന് തിരിച്ച് നൽകാത്ത ഭൂമിയുണ്ടോ; | (ഡി) & (ഇ) | ഉണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന കമ്പനി പാട്ട കരാറിനുശേഷം ഭൂമി തിരിച്ച് നൽകിയിട്ടില്ല. ടി ഭൂമി സംബന്ധമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എ.എസ് നം.142/2003 നമ്പറായി ഒരു വ്യവഹാരം തീർപ്പ് കൽപ്പിക്കാതെ നിലവിലുണ്ട്. |
| (ഇ) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ